# മത്തായിയുടെ സുവിശേഷത്തിന്റെ

# ജീവ-പഠനം

### ദൂത് നാല്പത്തിമൂന്ന്

## തേജസ്സിലേക്കുള്ള പാത

## (2)

Sat ഈ ദൂതിൽ മരുമിയിൽവച്ച് പുരുഷാരത്തെ അത്ഭുതകരമായി കർത്താവു പോഷിപ്പിക്കുന്നതിന്റെ വിവരണമുള്ള 14:14-21-ലേക്ക് നാം വരുന്നു.

## II. അവശ്യവസ്തുക്കളുടെ അഭാവം

### A. വൈകുന്നേരസമയം വരണ്ട മരുഭൂമിയിൽ

നാം തിരസ്കരണം അനുഭവിക്കുകയും അതിലൂടെ കടന്നുപോകുകകയും ചെയ്തതിനുശേഷം നിരവധി തവണ നാം സന്തോഷമുള്ളവരും വിടുവിക്കപ്പെട്ടവരുമായിരുന്നു. എന്നാൽ ഈ വിടുതൽ നാം അനുഭവിച്ചതിനുശേഷം നാം ആവശ്യത്തിലിരിക്കുന്ന വരാണെന്നും ജീവിക്കുവാൻ യാതൊന്നും ഇല്ലാത്തവരാണെന്നും നാം മനസ്സിലാക്കുന്നു. ആവശ്യവസ്തുക്കളിൽ നാം കുറവുള്ളവരാണ്. ഇതായിരുന്നു മരുഭൂമിയിലേക്ക് കർത്താവിനെ അനുഗമിച്ച പുരുഷാരത്തിന്റെ അവസ്ഥ.

സ്വർഗീയ രാജാവിനെ മരുഭൂമിയിലേക്ക് അനുഗമിച്ചവർ സന്തോഷപ്രദവും ആനന്ദകരവുമായ ഒരു സമയം ആസ്വദിക്കുകയായിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. തിന്നുന്നതിനെക്കുറിച്ചുപോലും മറന്നുപോകുന്നത്ര സന്തോഷമുള്ളവരായിരുന്നിരിക്കണം അവർ. വാക്യം 15 പറയുന്നു, "വൈകുന്നേരമായപ്പോൾ ശിഷ്യന്മാർ, ഈ സ്ഥലം വിജനമാകുന്നു, നാഴിക ഇതിനകം വൈകിയുമിരിക്കുന്നു. പുരുഷാരം ഗ്രാമങ്ങളിലേക്കു പോയി തങ്ങൾക്കുള്ള ഭക്ഷണം വാങ്ങുവാൻ തക്കവണ്ണം അവരെ പറഞ്ഞയക്കേണം എന്നു പറഞ്ഞുകൊണ്ട് അവന്റെ അടുക്കൽ വന്നു." തങ്ങൾ മരുഭൂമിയിലാണെന്നും, നേരം വൈകിയെന്നും, പുരുഷാരത്തിന് തിന്നുവാൻ എന്തെങ്കിലും ആവശ്യമാണെന്നും യേശുവിനെ ഓർമ്മപ്പെടുത്തുവാൻ

പത്രൊസായിരിക്കണം മുൻകയ്യെടുത്തത്. തങ്ങൾക്കായി ഭക്ഷണം വാങ്ങുവാൻ പുരുഷാരത്തെ ഗ്രാമങ്ങളിലേക്ക് കർത്താവ് അയയ്ക്കുവാൻ നിർദ്ദേശിച്ചത് അവനായിരിക്കണം. ശിഷ്യന്മാർ ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "കർത്താവേ, ഇത് വൈകുന്നേരമാണെന്ന് നീ ഇപ്പോൾ കാണുന്നു. പുരുഷാരത്തെ ഇവിടെ നിർത്തരുത്. അവരെ പറഞ്ഞയയ്ക്കുക." ഇത് ഒരു നല്ല ഹൃദയത്തിൽനിന്നും പുറപ്പെട്ടുവന്ന ഒരു നല്ല ആശയമായിരുന്നില്ലേ? ഇന്നത്തെ പത്രൊസുമാർക്കെല്ലാം നല്ല ഹൃദയങ്ങളുണ്ട്. സഭാജീവിതത്തിൽ നല്ല ഹൃദയമുള്ളവർ മിക്കപ്പോഴും നിർദ്ദേശങ്ങൾ വയ്ക്കുന്നു. അങ്ങനെയുള്ള ഒരു പത്രൊസായിരിക്കരുത്.

## B. മറ്റുള്ളവരുടെ ആവശ്യങ്ങളെ കരുതുവാൻ പഠിക്കുന്നു

മത്തായിയുടെ സുവിശേഷം വായിക്കുന്നതിൽ നാം പുസ്തകത്തിന്റെ ഉപദേശപരമായ ക്രമീകരണത്തെ ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്. അനേകം വായനക്കാർ മത്തായിയുടെ സുവിശേഷത്തെ കണക്കാക്കുന്നത് ഒന്നുകിൽ ഒരു കഥാപുസ്തകമായോ അല്ലെങ്കിൽ ഒരു ചരിത്രപുസ്തകമായോ ആണ്. എന്നാൽ ഇതൊരു ചരിത്രപുസ്തകമല്ല; ഇത് ഒരു ഉപദേശ പുസ്തകമാണ്. അതുകൊണ്ട്, വാക്യം 16-ലെ കർത്താവിന്റെ വാക്ക് പ്രധാനമാണ്: "അവർ പോകേണ്ട ആവശ്യമില്ല. നിങ്ങൾ അവർക്ക് വല്ലതും ഭക്ഷിക്കുവാൻ കൊടുക്കുവിൻ." പുരുഷാരം പോയി തങ്ങൾക്കുള്ള ഭക്ഷണം വാങ്ങുന്നതിന് അവരെ പറഞ്ഞയയ്ക്കുവാൻ ശിഷ്യന്മാർ കർത്താവിനോട് ആവശ്യപ്പെട്ടു. എന്നാൽ പുരുഷാരത്തിനു തിന്നുവാൻ അവർ എന്തെങ്കിലും കൊടുക്കണമെന്ന് കർത്താവ് ശിഷ്യന്മാരോടു പറഞ്ഞു. അവരുടെ ധാരണ എന്തെങ്കിലും ചെയ്യുവാൻ ജനത്തോട് ആവശ്യപ്പെടുക എന്നതായിരുന്നു; ഇതായിരുന്നു ന്യായപ്രമാണത്തിന്റെ തത്ത്വം. എന്നാൽ കർത്താവിന്റെ ധാരണ, ആസ്വദിക്കുവാൻ ജനത്തിന് എന്തെങ്കിലും കൊടുക്കുക എന്നതാണ്; ഇതാണ് കൃപയുടെ തത്ത്വം. ശിഷ്യന്മാർ നിർദ്ദേശിച്ചത് മൊത്തത്തിൽ ന്യായപ്രമാണ ത്തിന്റെ തത്ത്വത്തെ അടിസ്ഥാനമാക്കിയായിരുന്നു.

വാക്യം 16-ൽ കർത്താവായ യേശു ശിഷ്യന്മാരെ തടഞ്ഞു. പത്രൊസിനെ വിലക്കിയതായ നിരവധി സമയങ്ങളെ സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നു. സംസാരിക്കുന്നതിൽനിന്ന് വിലക്കപ്പെടുകയെന്ന ഈ വിഷയത്തിൽ അവൻ വളരെ അനുഭവ മുള്ളവനായിരുന്നു. മലയിൽവച്ച്, മൂന്നു കൂടാരങ്ങൾ പണിയുവാൻ അവൻ നിർദ്ദേശിച്ചപ്പോൾ അവൻ ദൈവത്താൽ വിലക്കപ്പെട്ടു. ആലയത്തിനുവേണ്ടി അര ശേക്കേൽ ചുങ്കം പിരിച്ച മനുഷ്യനോട് തന്റെ യജമാനൻ ചുങ്കം കൊടുക്കുമെന്ന് അവൻ പറഞ്ഞപ്പോൾ

അവൻ കർത്താവിനാൽ വിലക്കപ്പെട്ടു. നല്ല ഹൃദയമുള്ളവനെ കർത്താവായ യേശു എപ്പോഴും വിലക്കി. ഇങ്ങനെയുള്ള ഒരു നല്ല ഹൃദയം നിങ്ങൾക്കില്ലെങ്കിൽ, കർത്താവ് നിങ്ങളെ വിലക്കുകയില്ല. എന്നാൽ നിങ്ങൾക്ക് ഒരു നല്ല ഹൃദയമുണ്ടെങ്കിൽ, അവനാൽ വിലക്കപ്പെടുവാൻ ഒരുങ്ങിയിരിക്കുക. നിങ്ങളുടെ നല്ല ഹൃദയം സ്വാഭാവികമായതുകൊണ്ട് അത് വിലക്കപ്പെടണം. "നിങ്ങൾ അവർക്ക് വല്ലതും ഭക്ഷിക്കുവാൻ കൊടുക്കുവിൻ" എന്നു പറഞ്ഞുകൊണ്ട് കർത്താവായ യേശു ശിഷ്യന്മാരെ വിലക്കി. കർത്താവ് ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "ചിലത് ലഭിക്കുന്നതിനുവേണ്ടി ചിലതു ചെയ്യുവാൻ പുരുഷാരത്തോട് ആവശ്യപ്പെടരുത്. അത് ന്യായപ്രമാണമാണ്. തിന്നുവാൻ നിങ്ങൾ അവർക്ക് എന്തെങ്കിലും കൊടുക്കണം. ഇതാണ് കൃപ. ചിലത് ലഭിക്കേണ്ടതിന് ചിലതു ചെയ്യുവാൻ ജനത്തോടു പറയുന്ന മോശെയപ്പോലെയല്ല ഞാനിവിടെയുള്ളത്. ഞാൻ യേശുക്രിസ്തുവാണ്. ഞാൻ കൃപയോടുകൂടി വന്നു. ഞാൻ എപ്പോഴും ജനത്തിന് എന്തെങ്കിലും നൽകുന്നു. ന്യായപ്രമാണം മോശെ മുഖാന്തരം വന്നു, എന്നാൽ കൃപ എന്നോടുകൂടെ വന്നു. അതുകൊണ്ട്, പുരുഷാരത്തിന് തിന്നുവാൻ നിങ്ങൾ എന്തെങ്കിലും കൊടുക്കണം. നിങ്ങൾ ശിഷ്യന്മാർ മൊത്തത്തിൽ തെറ്റിപ്പോയിരിക്കുന്നു, കാരണം ചില കാര്യങ്ങൾ ചെയ്യുവാൻ ജനത്തോടു പറഞ്ഞുകൊണ്ട് നിങ്ങൾ ഇപ്പോഴും ന്യായപ്രമാണത്തിൻ കീഴിലാണ്. ജനം വിശന്നിരിക്കുകയാണോ? നിശ്ചയമായും അവർ വിശന്നിരിക്കുന്നു. എനിക്ക് അതറിയാം. നിങ്ങളെ തുറന്നുകാണിക്കുവാൻ ഈ ഘട്ടംവരെ ഞാൻ യാതൊന്നും ചെയ്തിട്ടില്ല. നിങ്ങളെ തുറന്നുകാട്ടുവാൻ തക്കവണ്ണം ഞാൻ വൈകുന്നേരത്തിനായി കാത്തിരുന്നു. അവരുടെ ആവശ്യത്തിനുവേണ്ടി ഞാൻ എന്തെങ്കിലും ചെയ്തിരുന്നുവെങ്കിൽ നിങ്ങൾ ഒരിക്കലും തുറന്നുകാട്ടപ്പെടുമായിരുന്നില്ല." കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ പലപ്പോഴും ഇങ്ങനെയുള്ള സന്ദർഭങ്ങൾ ഉണ്ടാകുന്നു. സ്വാഭാവികരായ ആളുകളുടെ ക്ഷമ തീർന്നുപോകുവാൻ തക്കവണ്ണം കർത്താവ് മനഃപൂർവ്വം ചില കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എങ്കിലും നല്ല ഹൃദയമുള്ളവർക്ക് ഇത് സഹിക്കുവാൻ കഴിയുകയില്ല. പലപ്പോഴും, അവസാനിക്കുന്നതിന് മിനിട്ടുകൾക്കുമുമ്പ് അവർ ഒരു നിർദ്ദേശം വയ്ക്കുന്നു. കുറച്ചു മിനിട്ടുകൾകൂടി അവർ കാത്തിരുന്നുവെങ്കിൽ, അവരുടെ മൂഢത തുറന്നുകാട്ടപ്പെടുമായിരുന്നില്ല. എന്നിരുന്നാലും, ന്യായപ്രമാണത്തിന്റെ ചട്ടങ്ങളിലും കല്പനകളിലുംനിന്ന് ഒഴിഞ്ഞുമാറുവാൻ നാം പഠിക്കണം. പകരം, കൃപയെ അറിയുവാനും, കൃപയെ വ്യായാമം ചെയ്യുവാനും, കൃപയുടെ തത്ത്വമനുസരിച്ച് മറ്റുള്ളവർക്ക് കൊടുക്കുവാനും നാ പഠിക്കണം.

പുരുഷാരത്തിന് തിന്നുവാൻ എന്തെങ്കിലും കൊടുക്കുന്നതിന് കർത്താവായ യേശു ശിഷ്യന്മാരോടു പറഞ്ഞപ്പോൾ അവർ പറഞ്ഞു, "അഞ്ച് അപ്പവും രണ്ടു മീനും അല്ലാതെ ഇവിടെ ഞങ്ങൾക്ക് ഒന്നുമില്ല" (വാ. 17). നിങ്ങൾ കൃപയെ വ്യായാമം ചെയ്യുവാൻ തുടങ്ങുമ്പോൾ, നിങ്ങൾക്ക് യാതൊന്നുമില്ലെന്ന് നിങ്ങൾ കാണും. നിങ്ങൾ മറ്റുള്ളവർക്ക് കേവലം കല്പനകൾ നൽകുന്നുവെങ്കിൽ, നിങ്ങൾ എത്ര ദരിദ്രനാണെന്ന് മനസ്സിലാക്കു കയില്ല. നിങ്ങൾ വളരെ മിടുക്കനാണെന്ന് വിചാരിക്കുകയും സ്വയം ഇങ്ങനെ പറയുകയും ചെയ്യേക്കാം, "ഞാൻ എത്ര മിടുക്കനാണ്! വൈകുന്നേരമായെന്ന് മറ്റാരും ശ്രദ്ധിച്ചില്ല. എന്നാൽ എനിക്ക് സകലവും അറിയാം. യേശുവിനോട് നിർദ്ദേശിക്കുവാൻപോലും എനിക്കു കഴിയും. കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ഞാനാണ് ഏറ്റവും ബുദ്ധിമാൻ. ഇതും അതും ചെയ്യുന്നതിന് എനിക്ക് മറ്റുള്ളവരോടു പറയുവാൻ കഴിയും. എനിക്ക് സമയമറിയാം, എനിക്ക് സാഹചര്യമറിയാം, എന്തു പറയണമെന്ന് എനിക്കറിയാം, എന്തു ചെയ്യണമെന്ന് എനിക്കറിയാം, എനിക്ക് എല്ലാം അറിയാം. കർത്താവായ യേശുവിനോട് എങ്ങനെ കല്പിക്കണമെന്നുപോലും എനിക്കറിയാം." എങ്കിലും, കൃപയെ വ്യായാമം ചെയ്യുവാൻ കർത്താവ് നമ്മോടു പറയുമ്പോൾ നാം പറയും, "ഞാൻ ന്യായപ്രമാണത്തിൻ കീഴിലായിരിക്കുമ്പോൾ, ഞാൻ കുരുടനാണ്, എന്നെത്തന്നെ എനിക്കറിയില്ല. ന്യായപ്രമാണത്തിൻകീഴിൽ എന്റെ ദാരിദ്ര്യം തുറന്നുകാട്ടപ്പെടുന്നില്ല. എന്നാൽ ഇപ്പോൾ കൃപയുടെ വാക്ക് സംസാരിച്ചുകൊണ്ട്, തിന്നുവാൻ അവർക്ക് എന്തെങ്കിലും കൊടുക്കണമെന്ന് കർത്താവായ യേശു എന്നോടു പറഞ്ഞു. ഈ കൃപയുള്ള വാക്ക് എന്റെ ദാരിദ്ര്യത്തെ തുറന്നുകാണിക്കുന്നു. ഉടനെ, എനിക്കൊന്നുമില്ലെന്ന് ഞാൻ കാണുന്നു. കല്പിക്കുന്ന ഒരു വായ് മാത്രമേ എനിക്കുള്ളൂ. എനിക്ക് കല്പനകൾ നൽകുവാൻ കഴിയും, എനിക്ക് നിർദ്ദേശങ്ങൾ കൊടുക്കുവാൻ കഴിയും, എനിക്ക് ഉപദേശിക്കുവാൻ കഴിയും, എന്നാൽ കൊടുക്കുവാൻ എനിക്ക് യാതൊന്നുമില്ല." ന്യായപ്രമാണം നമ്മെ ഇത്രയധികം തുറന്നു കാണിക്കുന്നില്ല. എന്നാൽ നാം കൃപയെ വ്യായാമം ചെയ്യുവാൻ തുടങ്ങുമ്പോഴൊക്കെയും നമ്മുടെ ദാരിദ്ര്യം തുറന്നുകാട്ടപ്പെ ടുന്നു. മറ്റുള്ളവർക്ക് കൊടുക്കുവാൻ നമുക്ക് യാതൊന്നുമില്ലെന്ന്, നമ്മെപ്പോലും പോഷിപ്പിക്കുവാൻ യാതൊന്നുമില്ലെന്ന് നാം കാണുന്നു.

LD കർത്താവ് നമ്മോട് കരുണ കാണിക്കട്ടെ! കർത്താവായ യേശു അഞ്ച് അപ്പവും രണ്ടു മീനുംകൊണ്ട് അയ്യായിരം പുരുഷന്മാരെയും, ഒപ്പം സ്ത്രീകളെയും കുഞ്ഞുങ്ങളെയും പോഷിപ്പിച്ചത് വെറുമൊരു കഥയാണെന്നു ചിന്തിക്കരുത്. ഈ അത്ഭുതത്തിന്റെ കഥ നിങ്ങൾക്ക് സുപരിചിതമായിരിക്കാം, എന്നാൽ അതിൽ

ഉള്ളടങ്ങുന്ന വെളിപാടിന്റെയോ വെളിച്ചത്തിന്റെയോ അഭാവം നിങ്ങൾക്ക് ഇപ്പോഴും ഉണ്ടായിരിക്കാം. എന്നാൽ ഇന്ന് നാം കർത്താവിന്റെ പ്രകാശനത്തിൻ കീഴിലാണ്. നാമെല്ലാവരും പത്രൊസുമാരാണ്. എന്തു ചെയ്യണമെന്ന് നമുക്കറിയാമെന്നും, എന്തു ചെയ്യണമെന്ന് മറ്റുള്ളവരോടു പറയുവാൻ നമുക്കു കഴിയുമെന്നും നാം ചിന്തിക്കുമ്പോൾ, നാം ന്യായപ്രമാണത്തിൻ കീഴിലുള്ള ഒരു പത്രൊസാണ്. നാം കൃപയിൻ കീഴിലുള്ള ഒരുവനല്ല. കൃപയുടെ കീഴിലുള്ള ഒരുവൻ എപ്പോഴും പറയുന്നത്, "കർത്താവേ, കൊടുക്കുവാൻ എനിക്കൊന്നുമില്ല. വളരെ വലിയ ഒരു ആവശ്യമുണ്ട്, എന്നാൽ എനിക്ക് അത് സന്ധിക്കുവാൻ കഴിയുകയില്ല. ഇന്ന് ന്യായപ്രമാണത്തിന്റെ ദിവസമല്ല, കൃപയുടെ ദിവസമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്നിരുന്നാലും, കൊടുക്കുവാൻ എനിക്കൊന്നുമില്ല. കൃപ എന്നെ തുറന്നുകാണിക്കുന്നു." നിങ്ങൾ ന്യായപ്രമാണത്തിൻ കീഴിലാണോ അതോ കൃപയിൻ കീഴിലാണോ? നിങ്ങൾ ന്യായപ്രമാണത്തിൻ കീഴിലാണെങ്കിൽ, നിങ്ങൾക്ക് പ്രശംസിക്കുവാൻ ചിലതുണ്ടെന്ന്— നിങ്ങളുടെ മിടുക്കുള്ള മനസ്സ്, നിങ്ങളുടെ ദീർഘവീക്ഷണം, നിങ്ങളുടെ പരിജ്ഞാനം, മറ്റുള്ളവരോട് നിർദ്ദേശിക്കുവാനുള്ള നിങ്ങളുടെ പ്രാപ്തി എന്നിവ ഉണ്ടെന്ന്—ഇപ്പോഴും തോന്നുന്നുണ്ടാകാം. എന്നാൽ കർത്താവു നിങ്ങളെ കൃപയിൻ കീഴിൽ വയ്ക്കുമ്പോൾ നിങ്ങളുടെ ദാരിദ്ര്യവും ഒന്നുമില്ലായ്മയും തുറന്നുകാട്ടപ്പെടുകയും, കൊടുക്കുവാൻ യാതൊന്നുമില്ലെന്നും നിങ്ങളെത്തന്നെ പോഷിപ്പിക്കുന്നതിനുപോലും ഇല്ലെന്നും നിങ്ങൾ സമ്മതിക്കേണ്ടിവരികയും ചെയ്യും. ഇവിടെ നാം ന്യായപ്രമാണത്തിന്റെ തത്ത്വത്തെയും കൃപയുടെ തത്ത്വത്തെയും വ്യക്തമായി കാണുന്നു.

## C. സ്വർഗീയ രാജാവിന് എല്ലാംഅർപ്പിക്കുന്നു

വാക്യം 17-ൽ പരാമർശിച്ചിരിക്കുന്ന അപ്പത്തെയും മീനിനെയുംകുറിച്ച് സംസാരിക്കുമ്പോൾ, വാക്യം 18-ൽ കർത്താവു പറഞ്ഞു, "അവയെ ഇവിടെ എന്റെ അടുക്കൽ കൊണ്ടുവരുവിൻ." കർത്താവിൽനിന്ന് നമുക്കുള്ളതെല്ലാം, മറ്റനേകർക്ക് ഒരു വലിയ അനുഗ്രഹമായിത്തീരേണ്ടതിന് അതിനെ നാം കർത്താവിന്റെ അടുക്കൽ കൊണ്ടുവരേണ്ടത് ആവശ്യമാണ്. മറ്റുള്ളവരുടെ ആവശ്യത്തിനുവേണ്ടി നൽകുവാൻ കർത്താവ് മിക്കപ്പോഴും ഉപയോഗിക്കുന്നത് നാം അവന് അർപ്പിക്കുന്നതിനെയാണ്. ഇന്നും തന്റെ അനുയായികളുടെ ആവശ്യത്തിനുവേണ്ടി അവൻ നൽകുന്നത് ഈ വിധത്തിലാണ്.

കർത്താവിന് അർപ്പിക്കുവാൻ നിങ്ങൾക്ക് യാതൊന്നുമില്ലെന്ന് നിങ്ങൾ പറഞ്ഞേക്കാമെങ്കിലും, കുറഞ്ഞപക്ഷം നിങ്ങളെത്തന്നെ

അർപ്പിക്കുവാൻ കഴിയും. നമ്മെത്തന്നെ അവനായി നൽകുവാൻ നമുക്ക് കഴിയുമെന്നതിനായി കർത്താവിനെ സ്തുതിക്കാം! നമുക്ക് ദരിദ്രവും, പരിതാപകരവുമായ സ്വയമല്ലാതെ മറ്റൊന്നും ഇല്ലായിരിക്കാം, എന്നാൽ നമ്മുടെ സ്വയത്തെ അവന് നൽകുവാൻ കഴിയും. രോഗിയായ ഒരു വ്യക്തിക്കുപോലും അവനെത്തന്നെ കർത്താവിന് നൽകുവാൻ കഴിയും. നാം എന്തായിരിക്കുന്നുവോ അത് അവന് നൽകാം. കർത്താവ് നമ്മുടെ സമർപ്പണം ആവശ്യപ്പെടുന്നു. നമുക്കുള്ളത് നമ്മുടെ സ്വന്തമായി സൂക്ഷിക്കുന്നുവെങ്കിൽ, അത് ഒന്നുമല്ലാത്തതായിത്തീരും. എന്നാൽ അത് നമ്മുടെ കൈകളിലൂടെ കർത്താവിന്റെ കൈകളിലേക്ക് കടന്നുപോകുന്നുവെങ്കിൽ അത് വലിയൊരു അനുഗ്രഹമായിത്തീരും. നിങ്ങളെത്തന്നെ കർത്താവിനു സമർപ്പിക്കുക. നിങ്ങൾക്കുള്ളത് കർത്താവിന് അർപ്പിക്കുക. അപ്പോൾ അനേകം ആളുകളെ അനുഗ്രഹിക്കുവാൻ കർത്താവിന് ഒരു വഴി ഉണ്ടായിരിക്കുകയും, ആ അനുഗ്രഹത്തിൽ നിങ്ങൾ ഉൾപ്പെടുകയും ചെയ്യും.

ഈ വേദഭാഗത്തുള്ള ഉപദേശത്തെ നാം എല്ലാവരും കാണേണ്ടതാവശ്യമാണ്. നാം ന്യായപ്രമാണത്തിൻ കീഴിലായിരിക്കാതെ കൃപയിൻ കീഴിലായിരിക്കണം എന്നതാണ് ആ ഉപദേശം. നമ്മുടെ ദാരിദ്ര്യത്തെയും ഒന്നുമില്ലായ്മയെയും കൃപ തുറന്നുകാണിക്കുന്നു. എങ്കിലും കർത്താവിനു നൽകുവാൻ നമുക്ക് ഒന്നുണ്ട്—നമ്മെത്തന്നെ. നമുക്കുള്ളത് എത്ര ചെറുതാണെങ്കിലും, നാം അത് അവന് അർപ്പിക്കേണ്ടതാവശ്യമാണ്. നമുക്കുള്ളത് നാം അവന്റെ കൈകളിലേക്ക് വയ്ക്കുന്നുവെങ്കിൽ, അത് ഒരു വലിയ അനുഗ്രഹമായിത്തീരും.

## D. സ്വർഗീയ രാജാവ് അത്ഭുതകരമായ ഒരു അനുഗ്രഹത്താൽ സകല ആവശ്യങ്ങളെയും കരുതുന്നു

### *1. ജനത്തെ പോഷിപ്പിക്കുന്നു*

വാക്യം 19 പറയുന്നു, "പുരുഷാരത്തോട് പുല്ലിന്മേൽ ഇരിക്കുവാൻ കല്പിച്ചശേഷം അവൻ അഞ്ച് അപ്പവും രണ്ടു മീനും എടുത്തു, സ്വർഗത്തിലേക്കു നോക്കിക്കൊണ്ട് അപ്പത്തെ അനുഗ്രഹിച്ചു, നുറുക്കി ശിഷ്യന്മാർക്കും, ശിഷ്യന്മാർ പുരുഷാരത്തിനും കൊടുത്തു." കർത്താവ് ജനത്തെ പോഷിപ്പിച്ചു; അവൻ ജീവസഹായം അവർക്കു ശുശ്രൂഷിച്ചു. പുരുഷാരത്തെ പുല്ലിന്മേൽ ഇരുത്തിയതിലൂടെ അവൻ ജനത്തെ നല്ല ക്രമത്തിലേക്കു വച്ചു. ഇത് കർത്താവിന്റെ ജ്ഞാനത്തെയും ചിട്ടയെയും കാണിക്കുന്നു. സ്വർഗത്തിലേക്കു നോക്കിയതിലൂടെ സ്വർഗീയ രാജാവ് സൂചിപ്പിച്ചത് അവന്റെ ഉറവിടം സ്വർഗത്തിലുള്ള തന്റെ പിതാവായിരുന്നു എന്നാണ്. എന്നിട്ട് അവൻ അപ്പത്തെയും മീനിനെയും അനുഗ്രഹിക്കുകയും

അവയെ നുറുക്കുകയും ചെയ്തു. നാം കർത്താവിന്റെ അടുക്കലേക്കു കൊണ്ടുവരുന്നതെന്തും മറ്റുള്ളവർക്ക് ഒരു അനുഗ്രഹമായിത്തീരേണ്ടതിന് നുറുക്കപ്പെടണമെന്ന് ഇത് സൂചിപ്പിക്കുന്നു.

അവനു സമർപ്പിക്കുന്ന എന്തിനെയും കർത്താവ് നുറുക്കും. നമ്മെത്തന്നെ നാം കർത്താവിന് സമർപ്പിച്ചശേഷം നാം അവനാൽ നുറുക്കപ്പെടുമെന്ന് ഇത് അർഥമാക്കുന്നു. എങ്കിലും, നമ്മിൽ അനേകരും പ്രാർഥിച്ചിട്ടുള്ളത്, "കർത്താവേ, എന്നോടു കരുണയുണ്ടായി എന്നെ നുറുക്കരുതേ. കർത്താവേ, എന്റെ ഭാര്യ എന്നെ കഷ്ണങ്ങളായി നുറുക്കുന്നുവെന്ന് നീ അറിയുന്നുവല്ലോ. എന്നെ മുഴുവനായി സൂക്ഷിക്കുകയും, എന്റെ ഭാര്യയുടെ നുറുക്കുന്ന കയ്യിൽനിന്നും എന്നെ രക്ഷിക്കുകയും ചെയ്യണമേ" എന്നാണ്. തങ്ങളുടെ ഭർത്താക്കന്മാരുടെ നുറുക്കുന്ന കയ്യിൽനിന്നും രക്ഷിക്കേണ്ടതിന് നിരവധി സഹോദരിമാരും പ്രാർഥിച്ചിട്ടുണ്ട്. എന്നാൽ ഈ രീതിയിൽ നിങ്ങൾ എത്രയധികം പ്രാർഥിക്കുന്നുവോ, അത്രയധികം നുറുക്കൽ ഉണ്ടായിരിക്കും. എന്നാൽ നാം അപ്പംപോലെയല്ല, റബ്ബർ പോലെയാണ്. അപ്പം നുറുക്കുവാൻ എളുപ്പമാണ്, എന്നാൽ റബ്ബറിനെ നുറുക്കുവാൻ പ്രയാസമാണ്. അതുകൊണ്ട്, നമ്മെ സംബന്ധിച്ച്, നുറുക്കൽ മതിയാകയില്ല. ചിലപ്പോൾ കർത്താവു നമ്മെ മുറിക്കുകയും വേണം. ഞാൻ തമാശ പറയുകയല്ല, കാരണം എന്റെ തന്നെ കാര്യം എനിക്കറിയാം. എന്നിരുന്നാലും, നിങ്ങൾ എന്തായിരുന്നാലും, നിങ്ങൾക്ക് എന്തുണ്ടെങ്കിലും, കർത്താവിന് അർപ്പിക്കണം. നിങ്ങൾ ഇത് ചെയ്യുന്നുവെങ്കിൽ, അവന്റെ കയ്യിൽ യാതൊന്നും മുഴുവനായിരിക്കുകയില്ല. മറിച്ച്, സകലവും നുറുക്കപ്പെട്ടിരിക്കും. തന്റെ കൈകളിലെക്കു വയ്ക്കപ്പെട്ട സകലത്തെയും കർത്താവു നുറുക്കും. നാം നുറുക്കപ്പെട്ടിട്ടില്ലെങ്കിൽ, നമ്മുടെ സമർപ്പണത്തിന് യാതൊരു അർഥവുമില്ല, അത് ഫലപ്രദവുമല്ല. നമ്മുടെ സമർപ്പണം കർത്താവിനാൽ നാം നുറുക്കപ്പെടുന്നതിലൂടെ മാത്രമേ പ്രവർത്തിക്കുകയുള്ളൂ.

കർത്താവ് അപ്പം നുറുക്കിയശേഷം അവൻ അവയെ ശിഷ്യന്മാർക്കു കൊടുത്തു. അപ്പം ശിഷ്യന്മാരിൽ നിന്നായിരുന്നു, അവർ അവയെ കർത്താവിന്റെ അടുക്കൽ കൊണ്ടുവന്നു. അവയെ കർത്താവ് അനുഗ്രഹിക്കുകയും നുറുക്കുകയും ചെയ്തതിനുശേഷം, പുരുഷാരത്തിന് വിതരണം ചെയ്യുന്നതിനുവേണ്ടി ശിഷ്യന്മാരിലേക്ക് അവയെ മടക്കിക്കൊടുക്കുകയും, പുരുഷാരത്തിന് അത് വലിയൊരു സംതൃപ്തിയായിത്തീരുകയും ചെയ്തു. ശിഷ്യന്മാർ അനുഗ്രഹത്തിന്റെ ഉറവിടമായിരുന്നില്ല എന്ന് ഇതു സൂചിപ്പിക്കുന്നു; അവർ ജനത്തിന്റെ സംതൃപ്തിയുടെ ഉറവിടമായ കർത്താവിനാൽ ഉപയോഗിക്കപ്പെട്ട ചാലുകൾ മാത്രമായിരുന്നു. നുറുക്കപ്പെട്ട അപ്പം ശിഷ്യന്മാരിലേക്കു കൈമാറുകയും, ശിഷ്യന്മാർ പുരുഷാരത്തിന് വിതരണം ചെയ്യുകയും ചെയ്തു. നുറുക്കപ്പെട്ട

ഈ അപ്പം വിശന്നിരുന്ന സകല ജനത്തിനും തൃപ്തിവരുത്തുകയും, അവിടെ വളരെ അനുഗ്രഹം ഉണ്ടാകുകയും ചെയ്തു. തത്ത്വം ഇന്നും ഇങ്ങനെ തന്നെയാണ്. ഈ രാജ്യത്തിലുള്ള കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ വലിയ അനുഗ്രഹം ഉണ്ടായിട്ടുണ്ട് എന്നതിനു സംശയമില്ല. എന്നിരുന്നാലും, ചില പ്രിയപ്പെട്ടവർ തങ്ങളെത്തന്നെ കർത്താവിന് അർപ്പിച്ചുവെന്ന് നാം മനസ്സിലാക്കണം. കർത്താവിന്റെ കരത്തിൽ അവരെല്ലാവരും നുറുക്കപ്പെടുകയും, നുറുക്കപ്പെട്ട ആ കഷ്ണങ്ങൾ അനുഗ്രഹം കൊണ്ടുവരുകയും ചെയ്തു.

## *2. പുനരുത്ഥാനത്തിൽ*

ഈ അഞ്ച് അപ്പം യവത്തപ്പമാണെന്ന് യോഹന്നാൻ 6:9 നമ്മോടു പറയുന്നു. പ്രതിരൂപത്തിൽ, യവം പുനരുത്ഥാനം ചെയ്ത ക്രിസ്തുവിനെ മുൻകുറിക്കുന്നു (ലേവ്യ. 23:10). അങ്ങനെ, യവത്തപ്പം നമുക്കുള്ള ഭക്ഷണമായ പുനുരുത്ഥാനത്തിലുള്ള ക്രിസ്തുവിനെ സൂചിപ്പിക്കുന്നു. അപ്പം ക്രിസ്തുവിന്റെ ജീവന്റെ ജനിപ്പിക്കുന്ന വശത്തെ സൂചിപ്പിക്കുന്ന സസ്യജീവനിൽ നിന്നുള്ളതാണെങ്കിൽ, മീൻ ക്രിസ്തുവിന്റെ ജീവന്റെ വീണ്ടെടുക്കുന്ന വശത്തെ സൂചിപ്പിക്കുന്ന ജന്തുജീവനിൽ നിന്നുള്ളതാണ്. നമ്മുടെ ആത്മിക വിശപ്പിനെ തൃപ്തിപ്പെടുത്തുവാൻ നമുക്ക് ക്രിസ്തുവിന്റെ ജനിപ്പിക്കുന്ന ജീവനും അവന്റെ വീണ്ടെടുക്കുന്ന ജീവനും ആവശ്യമാണ്. ഈ രണ്ടു വശങ്ങളെയും ചെറിയ കാര്യങ്ങളാൽ—അപ്പത്താലും മീനിനാലും—പ്രതീകവൽക്കരിച്ചിരിക്കുന്നു. ഈ യുഗത്തിൽ സ്വർഗീയ രാജാവ് തന്റെ അനുയായികളുടെമേൽ വാഴുവാൻ ഒരു വലിയ രാജാവായല്ല, മറിച്ച് അവരെ പോഷിപ്പിക്കുവാൻ ചെറിയ കഷ്ണങ്ങളായ ഭക്ഷണമായാണ് വന്നതെന്ന് ഇതു സൂചിപ്പിക്കുന്നു.

## *3. ഒരു കവിഞ്ഞൊഴുക്കോടുകൂടെ*

വാക്യം 20 പറയുന്നു, "അവർ എല്ലാവരും ഭക്ഷിച്ചു തൃപ്തരായി. നുറുക്കുകളിൽ ശേഷിച്ചവയെ അവർ പന്ത്രണ്ടു ചെറുകുട്ടകൾ നിറയെ എടുത്തു." ഉയിർത്തെഴുന്നേറ്റ ക്രിസ്തു അതിരില്ലാത്തവനും അറുതിവരാത്തനുമാണെന്നു മാത്രമല്ല, പിന്നെയോ നമുക്കായുള്ള കർത്താവിന്റെ കരുതൽ സമൃദ്ധമാണെന്നും, നമ്മുടെ സകല ആവശ്യങ്ങളും നിറവേറ്റുവാൻ ഏറ്റവും പര്യാപ്തമാണെന്നും കഷ്ണങ്ങൾ നിറഞ്ഞ പന്ത്രണ്ട് കുട്ടകൾ സൂചിപ്പിക്കുന്നു. അഞ്ച് അപ്പവും രണ്ടു മീനും, സ്ത്രീകളെയും കുഞ്ഞുങ്ങളെയും കൂടാതെ അയ്യായിരത്തോളം പുരുഷന്മാരെ തൃപ്തിപ്പെടുത്തി (വാ. 21). നാം കർത്താവിന് അർപ്പിക്കുന്നത് വളരെ കുറച്ചായിരിക്കാം; എന്നാൽ അനുഗ്രഹം വലുതായിരിക്കുകയും, കവിഞ്ഞൊഴുക്ക്, ശേഷിപ്പ്, നാം അർപ്പിച്ചതിനെക്കാൾ വളരെ കൂടുതലായിരിക്കുകയും ചെയ്യും. നാം കർത്താവിന് അർപ്പിക്കുന്നത് അറുതിവരുത്തുവാൻ

കഴിയുകയില്ല. അതിലുപരി, ഇത് കർത്താവിന്റെ അത്ഭുതകരമായ പ്രവൃത്തിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നതിന്, മറ്റുള്ളവരെ സമൃദ്ധമായി, ഒരു ശേഷിപ്പോടുകൂടെ, അനുഗ്രഹിക്കുവാൻ കർത്താവ് ഇതിനെ ഉപയോഗിക്കും. അത്ഭുതത്തിന്റെ ഈ രേഖയിലുള്ള പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിന്റെ ഉദ്ദേശ്യം, സ്വർഗീയ രാജാവിന്റെ അനുയായികളുടെ യഥാർഥ ആവശ്യം അവരുടെ വിശപ്പിനെ തൃപ്തിപ്പെടുത്തുവാൻ ശരിയായ ഭക്ഷണമാണെന്ന് കാണിക്കുകയാണ്. ക്രിസ്തുവിന്റെ ശിഷ്യന്മാരോ അനുഗമിച്ചിരുന്ന പുരുഷാരമോ ഇതറിഞ്ഞിരുന്നില്ല. സ്വർഗീയ രാജാവിന് ഇതറിയാമായിരുന്നു; അവരുടെ യഥാർഥ ആവശ്യത്തെക്കുറിച്ചും ആ ആവശ്യത്തിനു വേണ്ടിയുള്ള അവന്റെ കരുതലിനെക്കുറിച്ചും അവരിൽ മതിപ്പുളവാക്കുവാൻ ആത്ഭുതകരമായി ചിലതു ചെയ്യുമെന്ന് അവനറിയാമായിരുന്നു. അവർക്കാവശ്യമായിരുന്നത്, ഈ അത്ഭുതം സൂചിപ്പിച്ചതുപോലെ, അവരുടെ ആത്മിക വിശപ്പിനെ തൃപ്തിപ്പെടുത്താനുള്ള അവന്റെ പുനരുഥാന ജീവനായിരുന്നു.

തിരസ്കരിക്കുന്ന ഈ ലോകത്തിൽ അവനെ അവർ അനുഗമിക്കുമ്പോൾ അവന്റെ അനുയായികളുടെ ആവശ്യങ്ങൾക്കുവേണ്ടി അവൻ കരുതുന്നുവെന്നും സ്വർഗീയ രാജാവ് ചെയ്തത് വ്യക്തമായി ചൂണ്ടിക്കാണിക്കുന്നു. എന്തു തിന്നുമെന്നതിനെ സംബന്ധിച്ച് രാജ്യജനം ചിന്താഭാരമുള്ളവരായിരിക്കേണ്ട ആവശ്യമില്ലെന്ന സ്വർഗീയ ഭരണഘടനയിലെ അവന്റെ വാക്കുമായി ഇത് യോജിക്കുന്നു (6:31-33).

തിരസ്കരിക്കപ്പെട്ട രാജാവിനെ അനുഗമിക്കുന്ന കാര്യത്തിൽ, നാം അനേകം തരത്തിലുള്ള തിരസ്കരണങ്ങളിലൂടെ കടന്നുപോകണം. ഈ തിരസ്കരണങ്ങൾക്കുശേഷം നാം ആവശ്യത്തിലിരിക്കുന്നവരും ചില ആവശ്യങ്ങൾ ഉള്ളവരും ആയിരിക്കും. എന്നാൽ നിങ്ങളുടെ ആവശ്യങ്ങളെക്കുറിച്ച് വിഷമിക്കുകയോ അവയെ സംബന്ധിച്ച് ചിന്താഭാരമുള്ളവരായിരിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല: കാരണം അവയെക്കുറിച്ച്, ഒരു നിർജനസ്ഥലത്ത് ദിവസത്തിന്റെ അവസാനത്തിൽപോലും, കർത്താവു കരുതുന്നു. നിങ്ങളുടെ ആവശ്യം സന്ധിക്കുവാനുള്ള മാർഗം കർത്താവിനുണ്ട്. നിങ്ങൾ ആയിരിക്കുന്നതിനെയും നിങ്ങൾക്കുള്ളതിനെയും അവന്റെ കയ്യിലേക്ക് അർപ്പിക്കുകമാത്രം ചെയ്യുക; അവൻ ആ അർപ്പണത്തെ നുറുക്കട്ടെ, നുറുക്കപ്പെട്ട അർപ്പണം വിശപ്പുള്ളവരെ പോഷിപ്പിക്കട്ടെ. നിങ്ങൾ ഇതു ചെയ്യുന്നുവെങ്കിൽ, നിങ്ങൾ സംതൃപ്തി ആസ്വദിക്കുകയും, ഒരു ശേഷിപ്പ് ഉണ്ടായിരിക്കുകയും ചെയ്യും.

14:14-21-ൽ തിരസ്കരിക്കപ്പെട്ട രാജാവു ചെയ്തത് ജനത്തെ പോഷിപ്പിക്കുന്ന ഒരു അത്ഭുതം മാത്രമായിരുന്നില്ല. ഇവിടെ

അത്ഭുതം സൂചിപ്പിക്കുന്നത് തിരസ്കരിക്കപ്പെട്ട രാജാവായ ക്രിസ്തുവിന്റെ പക്കൽ തന്റെ അനുയായികൾക്കുവേണ്ടി വേണ്ടിടത്തോളവും, മതിയായതും, സമ്പന്നവുമായ ജീവസഹായം ഉണ്ടെന്നാണ്. നമ്മുടെ ശാരീരികവും ഭൗതികവുമായ ആവശ്യങ്ങൾ മാത്രമല്ല അവൻ കരുതുന്നത്; അവൻ നമ്മുടെ വിശപ്പിനെ തൃപ്തിപ്പെടുത്തുന്ന ജീവസഹായവും നൽകുന്നു. തിരസ്കരണത്തിലൂടെ കടന്നുപോയതിനുശേഷം നമുക്ക് കുറവുണ്ടായിരുന്ന ഒരു സാഹചര്യത്തിലേക്ക് നാം വന്നുവെന്ന് നമ്മിൽ അനേകർക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. എന്നിരുന്നാലും, കർത്താവു നമ്മെ കരുതുകയും, നമുക്ക് യാതൊരു കുറവും ഇല്ലാതിരിക്കുകയും ചെയ്തു. ഒടുവിൽ, ഭൗതിക സഹായത്തെക്കുറിച്ചല്ല, പിന്നെയോ നമ്മുടെ ആത്മിക വിശപ്പിനെ തൃപ്തിപ്പെടുത്തുന്ന ജീവസഹായത്തെക്കുറിച്ച് നാം ശ്രദ്ധിച്ചു. തേജസ്സിലേക്കുള്ള പാതയിൽ നാം തിരസ്കരിക്കപ്പെട്ട രാജാവിനെ പിന്തുടരുമ്പോൾ, നാം ജീവസഹായം ആസ്വദിച്ചുകൊണ്ടിരിക്കുകയാണെന്ന് നമുക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. കൂടാതെ, നാം മറ്റുള്ളവരെ പോഷിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ഒരു ആസ്വാദനത്തിനുശേഷം, അപ്പോഴും ജീവസഹായം നിറഞ്ഞ പന്ത്രണ്ടു കുട്ടകൾ ഉണ്ട്.

ഈ പാത വളരെ നല്ലതാണെന്ന് ഇപ്പോൾ നമുക്കു പറയുവാൻ കഴിയും. ഇവിടെ നമുക്ക് തിരസ്കരണവും ആവശ്യവും ഉണ്ടെങ്കിലും, അവൻ നമ്മുടെ ജീവസഹായമാണ്. അവൻ നമ്മുടെ ശാരീരികാവശ്യങ്ങൾ ശ്രദ്ധിക്കുകയും, നമ്മുടെ ആത്മികാവശ്യം സന്ധിക്കുന്നതിന് ഒരു കവിഞ്ഞൊഴുക്കോടുകൂടെ, സമ്പന്നമായ ജീവസഹായം നൽകുകയും ചെയ്യുന്നു. അതുകൊണ്ട് നമുക്കു പറയുവാൻ കഴിയും, "കർത്താവ് എന്റെ ഇടയനാകുന്നു; എനിക്ക് മുട്ടുണ്ടാകയില്ല." നാം മുട്ടില്ലാത്തവരാണെന്ന് മാത്രമല്ല—നാം സമ്പന്നരാണ്, നാം തൃപ്തരാണ്, നമുക്ക് പന്ത്രണ്ടു കുട്ടകൾ നിറച്ചുണ്ട്. അവനോടുകൂടെ നമുക്ക് ഭൗതിക സഹായവും ജീവസഹായവും ഉണ്ട്. നാം അവനെ പിന്തുടരുമ്പോൾ, മരുഭൂമിയിൽപോലും, നമ്മുടെ സഹായത്തിന്റെ ഉറവിടമായി അവനെ നാം ആസ്വദിക്കുന്നു. അങ്ങനെ, നാം യാതൊന്നിനെക്കുറിച്ചും ഭയപ്പെടുന്നില്ല. അവൻ നമ്മോടുകൂടെ ഉള്ളതുകൊണ്ട് നമുക്ക് മുട്ടുണ്ടാകയില്ല. നമുക്ക് അവന്റെ സാന്നിധ്യം ഉള്ളിടത്തോളം സകലവും ശരിയാണ്. നാം തിരസ്കരണത്തെ സ്വാഗതം ചെയ്യുന്നു, ഒരർഥത്തിൽ ആവശ്യത്തിലിരിക്കുന്ന സാഹചര്യത്തെപ്പോലും നാം സ്വാഗതം ചെയ്യുന്നു, കാരണം നമുക്ക് അവനുണ്ട്. നമ്മുടെ ആവശ്യങ്ങൾ നമുക്കുവേണ്ടി ചിലതു ചെയ്യാനുള്ള ഉത്തമ സാഹചര്യം അവനു നൽകുന്നു.